ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

2010
മാർച്ച്
115



2010
മാർച്ച്
ലക്കം 115

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ., മലപ്പുറം - 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

ധ്യാനകഥ

# അംഗുലം

പണ്ട് സ്കെയിലുകളൊക്കെ രൂപപ്പെടുന്നതിനു മുമ്പ് നമ്മുടെ മുൻമുറക്കാർ ഉപയോഗിച്ചിരുന്ന അളവുകളിലൊന്നായിരുന്നു അംഗുലം. ഒരു വിരലിന്റെ നീളമെന്നേ അർത്ഥമുള്ളൂ.

കാട്ടിലൊരു പുഴുവുണ്ടായിരുന്നു. ഒരംഗുലം നീളമായിരുന്നു അതിന്റെ അളവ്. അങ്ങനെ താൻ ജന്മം കൊണ്ടു തന്നെ ഒരളവുകോലായി കരുതിയ അംഗുലപ്പുഴു കാട്ടിലെ ജീവികളെ അളക്കുക തന്റെ ഒരു കടമയായി കരുതിയിരുന്നു. കണ്ടുമുട്ടുന്നവരെ ഒക്കെ തടഞ്ഞു നിർത്തി, കുറുകെയും, നെടുകെയും ഇഴഞ്ഞുകയറി പറയും, ങ്ങാ ഒരംഗുലം നീളം, അരയംഗുലം വീതി എന്നൊക്കെ. പിന്നെ ഒരു ചിരി ചിരിയ്ക്കും. ആ ജീവികളെയാകെ വല്ലാതെ ചെറുതാക്കുന്ന ഒരു ചിരി....!

ഒരു ദിവസം അംഗുലപ്പുഴുവിന്റെ വഴിയിലൂടെ ഒരു വാനമ്പാടിയെത്തി. പതിവുപോലെ് ഈ കിളിയേയും തടഞ്ഞു നിർത്തി. കുറുകെയും നെടുകെയും ഇഴഞ്ഞ് ഒരു പരിഹാസച്ചിരിയോടെ പറഞ്ഞു. നിനക്ക് ഒന്നരയംഗുലം നീളം അരയംഗുലം വീതി....!

വാനമ്പാടിക്ക് ഈ പരിഹാസം ഇഷ്ടമായില്ല. അത് ഒരു ഗാനം പാടിത്തുടങ്ങി. ആ പാട്ടുകേട്ട് ദൂരെ മലമുകളിൽ നിന്ന് മയിലുകൾ താഴേക്ക് നൃത്തം ചവിട്ടിയെത്തി. തടാകത്തിനു മുകളിൽ മത്സ്യങ്ങൾ തുള്ളിത്തുടിച്ചു നിന്നു. കാറ്റുപോലും വീശിയടിക്കാതെ ഒരു നിമിഷം നിശ്ചലമായി.

ഗാനം നിലച്ചു. മയിലുകൾ മടങ്ങി. മത്സ്യങ്ങൾ ആഴങ്ങളിലേയ്ക്ക് മുങ്ങി, കാറ്റു വീശിത്തുടങ്ങി, വിസ്മയപൂർവ്വം നിൽക്കുന്ന പുഴുവിനോട് വാനമ്പാടി ചോദിച്ചു. പറയൂ, അംഗുലപ്പുഴുവേ, നിന്റെയേത് അളവുകോലുകൾക്കീ സംഗീതത്തെ അളക്കാനാവും....?

ആരെയും അളന്നുകൂടാ, ആരറിഞ്ഞു നമ്മൾ അളക്കുന്നവർ ഉള്ളിലൊരു സംഗീതമൊളിപ്പിച്ചു വെച്ചിട്ടില്ലായെന്ന്...

ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

കവർ ഫോട്ടോ
അജയ് സാഗ

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
റസീസ് അഹമ്മദ്

പ്രിന്റിംഗ്
ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ
9895117614

## ലിറ്റിൽ മാസിക
## നിലനിൽക്കുന്നത് സംബന്ധിച്ച്

പരസ്യങ്ങൾ കൊടുക്കുന്നത് സംബന്ധിച്ച് ചില നിലപാടുകൾ ഉണ്ടായതുകൊണ്ടാണ് എല്ലാത്തരം പരസ്യങ്ങളും സ്വീകരിക്കാതിരിക്കുന്ന ഒരു ശൈലി ലിറ്റിൽ മാസിക സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ വരിസംഖ്യയെ ആശ്രയിച്ച് മാസിക മുന്നോട്ടു കൊണ്ടുപോകേണ്ടിവരുന്നു. മാസിക നിലനിർത്താൻ എഡിറ്റോറിയൽ പോളിസിയുമായി ഒത്തുപോകുന്ന പരസ്യങ്ങൾ ലഭ്യമാകുന്നതോടൊപ്പം വരിസംഖ്യയും കിട്ടേണ്ടതുണ്ട്. സുഹൃത്തുക്കൾ, വായനക്കാർ, നിലവിലുള്ള വരിക്കാർ... ദയവായി ശ്രദ്ധിക്കുമല്ലോ.

ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334



കഴിഞ്ഞ ലക്കം ലിറ്റിൽമാസിക മുഖചിത്രം പകർത്തിയത് അജയ് സാഗയായിരുന്നു.

Copy left: ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.




*മലയാള മനോരമ – 2010 ഫെബ്രുവരി 28*

# അപ്പോൾ, നമ്മൾ കഴിച്ച മരുന്നുകളോ....?

മന്തുരോഗ നിവാരണ സമൂഹ ചികിത്സാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു കോടിയിലധികം പേർക്ക് ആരോഗ്യവകുപ്പ് വിതരണം ചെയ്ത പ്രതിരോധ മരുന്നിന് ഗുണനിലവാരമില്ലെന്ന് ഒടുവിൽ പരിശോധനയിൽ കണ്ടെത്തി. ഇതേ തുടർന്ന് മരുന്നു വിതരണം അടിയന്തിരമായി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് സംസ്ഥാന ആരോഗ്യ ഡയറക്ടർ കത്തുനൽകി.

മരുന്നുവിതരണം പൂർത്തിയായ ശേഷമാണ് ഗുണനിലവാര പരിശോധന നടത്തിയത് എന്നതാണ് ഏറ്റവും വിരോധാഭാസം. ആദ്യം വിതരണം, പിന്നീട് പരിശോധന എന്ന തലതിരിഞ്ഞ നിലപാട് വരുത്തിവെച്ചത് ഒരുപാട് ആരോഗ്യ പ്രശ്നങ്ങളാണ്. മരുന്നുകഴിച്ച നിരവധിയാളുകൾക്ക് ആരോഗ്യ പ്രശ്നങ്ങൾ മുമ്പുതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നതാണ്. ഗുളികകൾ പൊടിഞ്ഞു നശിച്ചവയും ഉപയോഗയോഗ്യമല്ലെന്നുമായിരുന്നു സംസ്ഥാന ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ പരിശോധനാ ഫലം തെളിയിച്ചത്. ഉള്ളിൽചെന്നാൽ നിശ്ചിത സമയം കഴിഞ്ഞും അലിയാതെ കിടക്കുന്നുവെന്നും തെളിഞ്ഞു.

രോഗങ്ങളെക്കുറിച്ചുള്ള ഭീതി പടർത്താൻ ആരോഗ്യവകുപ്പിനോടൊപ്പം മാധ്യമങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ ഭീതിയാണ് മരുന്നുകച്ചവടത്തിന്റെ രഹസ്യം. ഇല്ലാത്ത മന്തിന്റെ പേരിൽ, ഭാവിയിൽ വരാൻ പോകുന്ന രോഗങ്ങളുടെ പേരിൽ... എന്തെല്ലാം മരുന്നുകളും കുത്തിവെയ്പ്പുകളുമാണ് കമ്പോളത്തിൽ നമ്മെ കാത്തിരിക്കുന്നത്...?

സ്കൂൾകുട്ടികളെയടക്കം അസംബ്ലിയിൽ വെയിലത്തു നിർത്തിയും യുദ്ധകാലാടിസ്ഥാനത്തിൽ നാട്ടുകാരെ മുഴുവൻ മന്തുഗുളിക തീറ്റിക്കുകയും ചെയ്തതിനിടയിൽ ആശുപത്രിയിലായവരും മരണപ്പെട്ടവരും ഉണ്ടായിരുന്നു. ഇതിനു കൂട്ടുനിന്ന ആരോഗ്യ പ്രവർത്തകർ, അധ്യാപകർ, സർക്കാർ.... ഇവർ കുറ്റവാളികളല്ലേ...?

ഇനിയും കബളിപ്പിക്കാൻ മരുന്നുകൾ വരും...! ജാഗ്രത!



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ

അക്കു

# വാർത്തകൾ ഉണ്ടാകുന്ന വിധം

**വാർത്തകൾ തമസ്ക്കരിക്കുന്നതും പത്രപ്രവർത്തകരുടെ കടമയാണ്. എന്നാൽ തമസ്കരിച്ച വാർത്തകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളോ..? പ്രാദേശിക പത്രപ്രവർത്തനകാലത്തെ ചില അനുഭവപാഠങ്ങളെക്കുറിച്ച്...**

ഒരു പ്രമുഖ മലയാള ദിനപത്രത്തിന്റെ പാർട്ട് ടൈം പ്രാദേശിക ലേഖകനായി പ്രവർത്തിക്കുന്ന കാലം. ഇതര പത്രങ്ങൾക്കും പ്രതിനിധികൾ ഉണ്ടായിരുന്നതിനാൽ ഞങ്ങൾക്കിടയിൽ സ്വകാര്യമായ ഒരു മത്സരം നിലവിലുണ്ടായിരുന്നു. വാർത്തകൾ കണ്ടെത്താനും ചിലപ്പോഴൊക്കെ പങ്കുവെക്കാനും ഞങ്ങൾ സഹകരിച്ചു. രാത്രിയിൽ ടി.വി. ചാനലിൽ വാർത്ത കണ്ട് കിടന്നുറങ്ങുന്ന ജനത്തിന് നേരം വെളുത്താൽ വീട്ടുപടിക്കൽ വന്നു കിടക്കുന്ന പത്രത്തിൽ വായിക്കാൻ പുതുതായി എന്തെങ്കിലും കിട്ടുക പ്രാദേശിക വാർത്തകളിൽ നിന്നാണ്. ഇതിനായി പത്രങ്ങൾ കൂടുതൽ പ്രാദേശിക എഡിഷനുകൾ തുടങ്ങുകയും ഓരോ പ്രദേശത്തേക്കും പ്രത്യേക പേജുകൾ നീക്കിവെക്കുകയും ചെയ്തതോടെ പ്രാദേശിക വാർത്തകൾ അരിച്ചുപെറുക്കി കൊടുക്കാൻ തുടങ്ങി. പ്രാദേശിക ലേഖകരുടെ പ്രാധാന്യം വർദ്ധിച്ചു. നാടിന്റെ ഏതെങ്കിലുമൊരു മൂലയിലെ അപ്രധാന ചരമങ്ങൾ പോലും ചിത്ര സഹിതം വാർത്തകളായി. ഒപ്പം മക്കളുടേയും മരുമക്കളുടേയും പേരുകൾ നിരന്നു തുടങ്ങി. മറ്റു പത്രങ്ങൾ കൊടുത്ത വാർത്തകളിൽ ഏതെങ്കിലുമൊന്ന് സ്വന്തം പത്രത്തിൽ വരാതിരുന്നാൽ കുറച്ചിലായി തോന്നിത്തുടങ്ങി.

അക്കാലത്താണ്, 'ഓട്ടോറിക്ഷയിൽ യുവതിക്ക് സുഖപ്രസവം എന്ന തലക്കെട്ടിൽ' ഞാനൊരു ബോക്സ് വാർത്ത കൊടുക്കുന്നത്. ഇതു മറ്റു പത്രക്കാർക്ക് കിട്ടാത്ത 'എക്സ്ക്ലൂസീവാ'യിരുന്നു. ആശുപത്രിയിൽ നിന്ന് എഴുതിയെടുത്ത ഒരു പേരിനപ്പുറം യുവതിയുടെ വിശദാംശങ്ങൾ ഞാൻ തിരക്കിയിരുന്നില്ല.

പിന്നീടാണ് അറിയുന്നത്. ഞാൻ പഠിപ്പിക്കുന്ന സ്കൂളിലെ ഒരു കുട്ടിയുടെ അമ്മയാണ് ഈ സ്ത്രീ. ദരിദ്രയായ ഇവർ ഇടക്ക് കുട്ടിയുടെ ഓരോ പ്രശ്നങ്ങൾ പറയാൻ സ്ക്കൂളിലെത്താറുണ്ട്. അവരുടെ വിഷമാവസ്ഥ കണ്ട് ഞാൻ ഒന്നുരണ്ടു പ്രാവശ്യം ചില്ലറ സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്. സ്ക്കൂളിൽ പഠിക്കുന്ന മൂന്നാം ക്ലാസ്സുകാരനു പുറമെ ഒരാൺകുട്ടിയുണ്ടിവർക്ക്. അതിനു താഴെയുള്ള മൂന്നാമത്തെ കുഞ്ഞിന്റെ പ്രസവമാണ് ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ ഓട്ടോറിക്ഷയിൽ നടന്നത്. മൂത്ത കുട്ടിയുടെ അച്ഛൻ ഉപേക്ഷിച്ചുപോയതിനുശേഷമുണ്ടായ രണ്ടാം ഭർത്താവാണ് ഇപ്പോൾ കൂടെയുള്ളത്. അയാൾ ഒരു കൂലിപ്പണിക്കാരനാണ്. അവരെ വെറുമൊരു വാർത്തയാക്കി മാറ്റിയ എന്റെ ഉള്ളിലെ നിർവ്വികാര പത്രജീവിയോട് എനിക്കു തന്നെ അവജ്ഞ തോന്നി.

ഏതാനും ദിവസങ്ങൾക്കുശേഷമാണ് മറ്റൊരു കാര്യം അറിയുന്നത്. ഈ സ്ത്രീ കഷ്ടപ്പാടു മൂലം നവജാത ശിശുവിനെ മക്കളില്ലാത്ത മറ്റൊരു സ്ത്രീയെ വളർത്താൻ ഏൽപ്പിച്ചുവെന്ന്! അതിലൊരു വാർത്തയുണ്ടല്ലോ എന്ന് എനിക്കു തോന്നി. ഇക്കാര്യമറിഞ്ഞ മറ്റൊരു പത്രസുഹൃത്തും ഞാനും മനസു പങ്കുവെച്ചു. വെറുതെയെന്തിന് ഒരു വാർത്ത നൽകി ആ പാവം സ്ത്രീക്കും കുടുംബത്തിനും പൊല്ലാപ്പുകൾ ഉണ്ടാക്കുന്നു! ചില വാർത്തകൾ തമസ്ക്കരിക്കുന്നതും പത്രപ്രവർത്തകരുടെ കടമയാണല്ലോ എന്നു ഞങ്ങൾ ആശ്വസിച്ചു. പക്ഷേ ഞങ്ങളുടെ കൂട്ടത്തിലുള്ള മറ്റൊരു സജീവ പത്രപ്രവർത്തകൻ വൈകിയാണെങ്കിലും ഇക്കാര്യം മണത്തറിയുകയും അത് സ്വന്തം പത്രത്തിന് നൽകുകയും ചെയ്തു. മലയാളത്തിലെ ഒന്നാം നിര പത്രത്തിൽ ഒന്നാം പേജിൽ വെണ്ടക്കാ വലുപ്പത്തിൽ ദാരിദ്ര്യം മൂലം കുഞ്ഞിനെ വിറ്റു എന്ന പേരിൽ ആ വാർത്ത കണ്ട് ഞങ്ങൾ ഞെട്ടിപ്പോയി! വാർത്ത വന്നതോടെ മന്ത്രി തൊട്ടിങ്ങോട്ടുള്ളവർ അന്വേഷണമാരംഭിച്ചു.

വാർത്ത കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ച ഞങ്ങൾ മൂന്നു പത്രക്കാർ ആകെ കുഴപ്പത്തിലായി. ഞങ്ങളുടെ പത്രങ്ങളുടെ ന്യൂസ് എഡിറ്റർമാരും ബ്യൂറോ ചീഫുമാരും ഫോണിൽ വിളിച്ച് ചീത്ത പറയാൻ തുടങ്ങി. എന്തുകൊണ്ട് ഈ വാർത്ത നമ്മുടെ പത്രത്തിന് നഷ്ടപ്പെട്ടു? നിങ്ങൾ എന്തെടുക്കുകയായിരുന്നു? എന്നൊക്കെ കേട്ടപ്പോൾ മനസ് വേദനിച്ചു. ഉണ്ടായ കാര്യങ്ങൾ ഞാൻ ബ്യൂറോ ചീഫുമായി പങ്കുവെച്ചു. അങ്ങനെയാണെങ്കിൽ നാളത്തെ പത്രത്തിൽ, കുഞ്ഞിനെ വിറ്റതല്ല എന്ന നമ്മുടെ കാഴ്ചപ്പാടിലുള്ള വാർത്ത എഴുതണമെന്ന് അദ്ദേഹം നിർദേശിച്ചു. അതേസമയം വാർത്ത നഷ്ടപ്പെട്ടതിലുള്ള ശകാര വിളിയിൽ മനം നൊന്ത് എന്റെ സുഹൃത്ത് റിപ്പോർട്ടർ ജോലി രാജിവെച്ചു.

വാർത്ത തയ്യാറാക്കാനായി ആ സ്ത്രീയെ കാണാൻ ഞാൻ ചെല്ലുമ്പോൾ അവരാകെ ഭയന്നിരിക്കുകയായിരുന്നു. തങ്ങളുടെ ദുരിതപ്പടയിലേക്ക് ഒരു കുഞ്ഞും കൂടി വരുന്നതിലുള്ള വിഷമമോർത്ത് പ്രസവിക്കും മുമ്പേ ഭർത്താവിന്റെ പരിചയത്തിൽപ്പെട്ട മക്കളില്ലാത്ത ദമ്പതികൾക്ക് വളർത്താൻ നൽകാം എന്നു തീരുമാനിച്ചതായിരുന്നു. ആ ദമ്പതികൾ ആശുപത്രിയിൽ വന്ന് കുഞ്ഞിനെ അവരുടെ നാടായ കോട്ടയത്തേക്ക് കൊണ്ടുപോയി. ആശുപത്രി ബില്ല് അവരടച്ചു. മറ്റൊരു കാശും വാങ്ങിയിട്ടില്ല.

പത്രത്തിൽ വാർത്ത വന്നതോടെ ചാനലുകാരും കലക്ടറും പോലീസുമൊക്കെ വന്നു. ഭർത്താവ് പേടിച്ച് നാടുവിട്ടു. വാടകവീട് ഒഴിയാൻ ഉടമസ്ഥൻ പറഞ്ഞു. നാട്ടിലെ പൊതുപ്രവർത്തകർ കുഞ്ഞിനെ തിരികെ കൊണ്ടുവരാൻ കോട്ടയത്തേക്ക് പോയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം വച്ച് കുഞ്ഞിനെ വിറ്റതല്ല എന്ന തലക്കെട്ടിൽ ഞാനെഴുതിയ വാർത്ത ആദ്യ ദിവസം വാർത്ത നഷ്ടപ്പെട്ട പത്രക്കാർ ഒത്തുചേർന്ന് പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു ജാള്യത പരിഹരിച്ചു.

പിറ്റേദിവസം കുഞ്ഞിനെ കോട്ടയത്തു നിന്നു കൊണ്ടുവരുന്ന വിവരമെത്തി. പത്രക്കാരും ക്യാമറക്കാരും ഉദ്യോഗസ്ഥരും നാട്ടുകാരുമായി വലിയൊരു ആൾക്കൂട്ടമുണ്ട്. വാർത്ത ആദ്യം തൊടുത്തുവിട്ട പത്രസുഹൃത്തും സ്റ്റാഫ് ഫോട്ടോഗ്രാഫറും മുമ്പിലുണ്ട്. കോട്ടയത്തുനിന്നു കുഞ്ഞിനേയും കൊണ്ടുവന്ന വളർത്തമ്മ കണ്ണീർ വാർക്കുന്നുണ്ട്. നിർവ്വികാരയായി പെറ്റമ്മയുണ്ട്. ആൾക്കൂട്ടത്തിനു മുമ്പിൽ പ്രദർശനവസ്തുക്കളെ പോലെ നിന്ന രണ്ടമ്മമാരോട് ക്യാമറക്കാർ നിൽക്കേണ്ട പോസുകൾ നിർദേശിക്കുന്നു. റെഡി യെന്നു പറയുമ്പോൾ കുഞ്ഞിനെ പെറ്റമ്മയെ ഏൽപ്പിക്കുന്നു. ഫ്ളാഷുകൾ മിന്നിമറയുന്നു. തുടർന്ന് അമ്മയോടും ചേട്ടൻമാരോടും കുഞ്ഞിനെ ഉമ്മ വയ്ക്കാൻ പറയുന്നു. വീണ്ടും ഫ്ളാഷുകൾ! നിർവ്വികാരതയോടെ കുഞ്ഞിനെ പിടിച്ചുനിന്ന ആ സ്ത്രീയോട് ഒന്നു ചേർത്തുപിടിച്ച് ഉമ്മ കൊടുക്കെടീ... എന്ന പത്രഫോട്ടോഗ്രാഫറുടെ പോലീസ് മുറയിലുള്ള ശബ്ദം കേട്ടു. പിറ്റേന്നു പത്രത്തിലെ വർണ്ണചിത്രങ്ങ




ഫേൺഹിൽ ഗുരുകുലത്തിലെ ധ്യാനമന്ദിരം

ജീവിതം സുന്ദരം

ഗുരു നിത്യചൈതന്യയതി

# ഫേൺഹിൽ ഗുരുകുലത്തിലെ ഒരു ദിവസം

**ആനന്ദം കണ്ടെത്താൻ എന്തൊക്കെയുണ്ട് മാർഗ്ഗങ്ങൾ? ഭൗതികമായ ആർഭാടങ്ങളും പണക്കൊഴുപ്പും ഇല്ലാതെ കേവലം വായന, സംഗീതം, ചിത്രകല, ലഘുഭാഷണം... അങ്ങനെ ജീവിതത്തെ ആനന്ദപ്രദമാക്കാൻ, ധ്യാനാത്മകമാക്കാൻ നമുക്ക് പ്രചോദനം തരുന്നതാണ് ഗുരു നിത്യചൈതന്യയതിയുടെ ഫേൺഹിൽ ആശ്രമത്തിലെ ഒരു ദിവസത്തെ ദിനചര്യയുടെ വിവരണം.** *(ഗുരു നിത്യചൈതന്യയതിയുടെ ആത്മകഥ 'യതിചരിത'ത്തിൽനിന്ന് )*

മനുഷ്യശരീരം ഒരു നാഴികമണി പോലെയാണ്. ആലസ്യം കൊണ്ട് ഉറങ്ങിപ്പോകുമോ എന്ന് ഭയന്ന് അഞ്ചരമണിക്ക് അലാറം അടിച്ച് ഉണരേണ്ടിവരുന്നത് ഒരു മാനക്കേടു പോലെയാണ്. അതുകൊണ്ടു പുറത്തുള്ള നാഴികമണി എങ്ങനെ നടന്നാലും അകത്തുള്ള നാഴികമണി അഞ്ചുമണിക്കുതന്നെ അകമേ ഉണർന്ന് അന്നന്നത്തേക്കുള്ള പരിപാടികൾക്ക് തയ്യാറാക്കും.

എന്റെ സുഹൃത്ത് എന്റെ മുറിയിൽത്തന്നെയാണ് ഉറങ്ങുന്നത്. വാദ്ധക്യകാലത്ത് ശരീരത്തിന് എപ്പോൾ വേണമെങ്കിലും തളർച്ച ഉണ്ടാകാമല്ലോ. അതുകൊണ്ടാണ് സുഹൃത്ത് ശ്രദ്ധവാനായി അടുത്ത്തന്നെ ഉണ്ടായിരിക്കുന്നത്. കിടപ്പുമുറിക്ക് തൊട്ടടുത്താണ് പഠനമുറി. പഠനമുറിയിൽ മുൻവശത്ത് രണ്ട് വലിയ കണ്ണാടി അലമാരകൾ ഉണ്ട്. മുന്നിൽ എഴുത്തുമേശ. എഴുത്തുമേശയ്ക്കടുത്ത് രണ്ടു കസേരകൾ ഇട്ടു സുഹൃത്തും ഞാനും ഇരിക്കും. എന്റെ മഹാഭാരതമെല്ലാം എപ്പോൾ വേണമെങ്കിലും എഴുതിത്തരാൻ തയ്യാറായി സുഹൃത്ത് ഒരു ആധുനിക ഗണപതിയെപ്പോലെ ഇരിക്കുന്നുണ്ടാവും.

ഞാൻ എന്റെ കസേരയിൽ ഇരുന്നുനോക്കിയാൽ ദർശനശാസ്ത്രത്തിന്റെ വലിയ വിജ്ഞാനകോശം, ഫ്രോയ്ഡ്, യുങ്, ആഡ്ലർ മുതലായവരുടെ പ്രാമാണികമായ മനശ്ശാസ്ത്രഗ്രന്ഥങ്ങൾ, മനശ്ശാസ്ത്രത്തിന്റെ സർവ്വ വിജ്ഞാനകോശം, ഋഗ്വേദസംഹിത 8 വാല്യങ്ങൾ ഇത്രയും ഒരു ഭാഗത്ത് ഇരിക്കുന്നത് കാണാം. വലതുഭാഗത്തായി പാശ്ചാത്യ കലാകോശങ്ങൾ ലിയനാർഡോ ഡാവിഞ്ചി മുതൽ അത്യാധുനികരുടെ ചിത്രകലവരെ അക്കൂട്ടത്തിലുണ്ട്. യൂറോപ്പിലേയും ഓസ്ട്രിയയിലേയും അമേരിക്കയിലേയും ഇന്ത്യയിലേയും സുപ്രസിദ്ധമായ ചിത്രകല സമാഹരിച്ചു വച്ചിരിക്കുന്ന അത്യുദാത്തമായ കൃതികൾ, കണക്കുശാസ്ത്രം, കാൻസാഗൻ തുടങ്ങിയ മഹാപ്രതിഭകളുടെ ശാസ്ത്രപഠനങ്ങൾ, നിറങ്ങളെപ്പറ്റിയുള്ള ശാസ്ത്രപഠനം, പ്രകാശത്തെപ്പറ്റിയും കാണാനുള്ള കഴിവുകളെപ്പറ്റിയും ഉള്ള ആധികാരികമായ പഠനങ്ങൾ, ശ്രവണേന്ദ്രിയം, ശ്രവണം, ശ്രുതി ഇതിന്റെയെല്ലാം ജീവശാസ്ത്രപരവും ശരീരശാസ്ത്രപരവും ഊർജതന്ത്രപ്രധാനവും ജൈവ-ശാസ്ത്രപരവുമായ പഠനങ്ങളും ധാരാളമുണ്ട്. അതോടൊപ്പം ശാസ്ത്രപഠനങ്ങളുടെ ദാർശനികമായ സംഗമം നൽകിയിരിക്കുന്ന ലോകോത്തരമായ കൃതികൾ, മഹാഭാരതം, രാമായണം, കാളിദാസ കൃതികൾ മലയാളത്തിലെ മഹാകവികളുടെ കൃതികൾ ഇതെല്ലാം വേറെയുമുണ്ട്.

എന്റെ കസേരയുടെ പിന്നിലായിട്ടു രണ്ടു വലിയ അലമാരകളുണ്ട്. അതിൽ ലോകകവിതയാണ്. ആഫ്രിക്കൻ കവിതകൾ, അമേരിക്കൻ കവിതകൾ, ആസ്ട്രലിയൻ കവിതകൾ ബ്രിട്ടീഷ് കവികളുടെ ആദ്യകാലം മുതൽ ആനുകാലികം വരെയുള്ള കവിതകൾ, ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ, റഷ്യൻ കവിതകൾ, അറേബ്യൻ കവിതകൾ, ഹീബ്രു കവിതകൾ പിന്നെ സ്പാനിഷ്, ജർമ്മൻ, ഇറ്റാലിയൻ ഫ്രഞ്ചുകവിതകളുടെ മൂലകൃതികളും ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട കവിതകളും കാണാം.

വിശ്വോത്തരൻമാരായ എല്ലാ കവികളുടേയും കാവ്യസമാഹാരം ഉണ്ട്. പഠനമുറിയുടെ തൊട്ടുപിന്നിലായി എന്റെ ആത്മകഥയുടെ ഡയറിക്കുറിപ്പുകൾ എഴുതുന്ന ഒരു കമ്പ്യൂട്ടർ ഉണ്ട്. ആ മുറിയിൽത്തന്നെയാണ് എല്ലാ തരത്തിലുമുള്ള

---

ളുടെ അടിക്കുറിപ്പും വാർത്തയും ഞാൻ ഭാവനയിൽ കാണാൻ ശ്രമിച്ചു. വാർത്തകളുണ്ടാകുന്ന വിധം ഇങ്ങനെയൊക്കെയാണ് എന്ന പാഠങ്ങൾ ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണല്ലോ.

പിറ്റേന്ന് കണ്ണീരോടെ കുഞ്ഞിന് പൊന്നുമ്മ എന്ന അടിക്കുറിപ്പിൽ വർണ്ണചിത്രങ്ങളും വാർത്തകളും വന്നു. സർക്കാർ നിർദേശപ്രകാരം ആ സ്ത്രീയേയും മക്കളേയും സാമൂഹ്യക്ഷേമവകുപ്പിന്റെ കോഴിക്കോട് കെയർഹോമിലേക്ക് കൊണ്ടുപോയി. നാടുവിട്ടുപോയ ഭർത്താവ് പിന്നീട് തിരികെ വന്ന് കുടുംബത്തെ കെയർഹോമിൽ നിന്ന് കൂട്ടിക്കൊണ്ടുപോയതായി അറിഞ്ഞു.

ഇപ്പോൾ അവരെവിടെയെന്നും എങ്ങനെ ജീവിക്കുന്നുവെന്നും ആരും തിരക്കാറില്ല. അതൊന്നും വാർത്തകളുണ്ടാക്കുന്നവരുടെ ജോലിയല്ലല്ലോ. ഒരു കാര്യമറിയാം, വാർത്തകളുണ്ടാകുന്നത് ഇങ്ങനെയൊക്കെയാണ്.......!

**സംഗീതങ്ങളുടേയും സംഭരണം. ബാലമുരളീകൃഷ്ണ പാടിയിട്ടുള്ള എഴുപത്തിരണ്ടു മേളകർത്ത രാഗങ്ങൾ, ത്യാഗരാജസ്വാമിയുടെ കൃതികൾ, ശ്യാമശാസ്ത്രിയുടെ കൃതികൾ, മുത്തുസ്വാമി ദീക്ഷിതരുടെ കൃതികൾ, എം.എസ്. സുബ്ബലക്ഷ്മി, ലതാമങ്കേഷ്കർ എന്നിവരുടെ സംഗീതം, ഹിന്ദുസ്ഥാനി സംഗീതം, രബീന്ദ്ര സംഗീതം, ടാഗൂർ സംഗീതം, രവിശങ്കർ സംഗീതം, യഹൂദി മെനൂഹിന്റെ വയലിൻ, അല്ലാരാഖയുടേയും അദ്ദേഹത്തിന്റെ മകൻ സക്കീർഹുസൈന്റെയും** തബല, ടി.ആർ മഹാലിംഗത്തിന്റെ പുല്ലാങ്കുഴൽ തുടങ്ങി രണ്ടായിരത്തിലധികം ഓഡിയോ കാസറ്റുകൾ, പാശ്ചാത്യ സംഗീതത്തിലെ ബാക്ക്, ഹൈഡൻ, മൊസാർട്ട്, ബെയ്ഥോവൻ, ചെക്കോവ്സ്കി, ഷൂബെ എന്നിവരുടെയെല്ലാം കൃതികളെ കൂടാതെ ലോകോത്തരരായ സംഗീതജ്ഞൻമാരുടെ വീഡിയോകാസറ്റുകളും ഉണ്ട്. അതിൽ ഏറ്റവും ഹൃദയഹാരിയായത് ഹോറോവിറ്റ്സിന്റെ മോസ്കോ സന്ദർശനമാണ്. അത് എത്ര പ്രാവശ്യം കണ്ടാലും മതിയാവില്ല.

സിംഫണി ഓഫ് വാല്യൂസ് എന്ന പരിപാടിക്കുവേണ്ടി ശേഖരിച്ചിട്ടുള്ള നാടകങ്ങൾ, സംഗീതം, നൃത്തം, ശിൽപകല, ചിത്രകല തുടങ്ങിയവയെ സംബന്ധിച്ചുള്ള കാസറ്റുകളും ധാരാളമുണ്ട്. സത്യജിത്ത് റേയുടെ നാടകങ്ങൾ കണ്ടിട്ടു ലിയോ ടോൾസ്റ്റോയിയുടെ അന്നാകരിനീന മുതലായവയുമായി താരതമ്യപഠനം നടത്തുവാൻ കഴിയും. എല്ലാ പ്രധാനപ്പെട്ട സംഗീതജ്ഞൻമാരുടേയും സംഗീതം ശാസ്ത്രീയമായി അവതരിപ്പിക്കുന്ന ക്ലാസുകൾ ഉണ്ട്. ഇതെല്ലാം കേൾക്കുവാൻ പല ഉപകരണങ്ങളും സംവിധാനം ചെയ്തിട്ടുണ്ട്. ആധുനികമായ സി.ഡിയിൽ കേൾക്കുന്ന സംഗീതത്തിനു വശ്യത അധികമാണ്. സി.ഡിയിൽ ഇടാവുന്ന കാസറ്റുകൾ കൊണ്ട് നൃത്തനാടകാദികൾ വീഡിയോവിലും കാണാം. ആധുനിക ശരീരശാസ്ത്രം, മനശ്ശാസ്ത്രം, സാമൂഹികശാസ്ത്രം ഇവയെ വിശകലനം ചെയ്ത് പഠിക്കുവാനുള്ള കാസറ്റുകളും ഉണ്ട്. അമേരിക്കയിലെ ഗ്രഹങ്ങളുടെ താരതമ്യപഠനം വളരെ വിജ്ഞാനപ്രദമാണ്. പാശ്ചാത്യ കവികളിൽ, പ്രശസ്തരായ ഇ.ഇ.കമ്മിങ്സ്, ഡോക്ടർ പെൻവാറൻ, വാൾട്ട് വിറ്റ്മാൻ മുതലായവരുടെ കവിത അവർ തന്നെ ചൊല്ലുന്നത് കേട്ടിരിക്കുന്നത് ഒരു വലിയ അനുഭവമാണ്.


ഞങ്ങൾ അഞ്ചരയ്ക്ക് എണീറ്റാൽ ഉടൻ തന്നെ ദിവസം ഒരു രാഗം എന്ന പരിപാടി വയ്ക്കും. ഒരു ദിവസം നാട്ടയാണെങ്കിൽ വേറൊരു ദിവസം ഹംസധ്വനി. ഈ പരിപാടികളിൽ ആദ്യം ഒരാൾ വാദ്യസംഗീതത്തിൽക്കൂടി രാഗം അവതരിപ്പിക്കും. പിന്നെ ഒരു പണ്ഡിതനായ ഗായകൻ ആ രാഗത്തിൽ ശ്രദ്ധിക്കേണ്ടുന്നതായ സവിശേഷതകൾ വിവരിക്കും. ഒരു ഗായകനോ ഒരു ഗായികയോ അതു പൂർണ്ണമായി ചൊല്ലിക്കേൾപ്പിക്കും. അതിന്റെ അമ്പത്തിനാലു പഠനമുണ്ട്. എല്ലാ ദിവസവും കാലത്തെ ഒരു മണിക്കൂർ ഇതു കേൾക്കുന്നതുകൊണ്ട് മനസ്സ് ആനന്ദലീനമായിരിക്കും.

കാലത്തുള്ള ശരീരത്തിന്റ വ്യായാമത്തിനായി സുഹൃത്തും എന്നെ സഹായിക്കും. ഏകദേശം ഒരു മണിക്കൂർ വ്യായാമം ചെയ്യും. എല്ലാ ദിവസവും ഏഴു മണിമുതൽ ഒൻപതു മണിവരെ പഠിപ്പിക്കേണ്ട പാഠം തയ്യാറാക്കും. ക്ലാസെടുക്കുകയും ചെയ്യും. അടുത്ത കാലത്ത് പഠിപ്പിച്ചുകൊണ്ടിരുന്ന പാഠം സാമവേദവും അതിൽനിന്നു വന്നുചേർന്നിട്ടുള്ള ഛാന്ദോഗ്യോപനിഷത്തുമാണ്. പാഠങ്ങൾ ഒരു ദിവസം കാലത്തെ ഇംഗ്ലീഷിലാണെങ്കിൽ അടുത്ത ദിവസം കാലത്തു മലയാളത്തിലായിരിക്കും.

സന്ദർശകർ അധികം വരാത്ത ദിവസമാണെങ്കിൽ ക്ലാസിൽ ഇരുപതുപേർ കാണും. ആ സമയത്തു തന്നെ അന്തേവാസികളിൽ അഞ്ചുപേർ എല്ലാവർക്കുമുള്ള ആഹാരം തയ്യാറാക്കുന്നതിൽ വ്യാപൃതരായിരിക്കും. ഒരാഴ്ചയിലെ ഏഴു ദിവസവും വേറെവേറെയുള്ള ഏഴു ഗ്രൂപ്പ് സഹപാഠികളാണ് പാചകത്തിന്റെ നടത്തിപ്പുകാർ.

ഗുരുകുലത്തിൽ വേലക്കാരില്ല, യജമാനനുമില്ല. പരസ്പരം സഹായിക്കണം. എന്തെല്ലാം കറികളാണ് ഉണ്ടാക്കേണ്ടത്, അതിനുള്ള പച്ചക്കറികൾ എന്തൊക്കെയാണ്, അതുപയോഗിച്ചു രോഗം വരുത്താത്ത രീതിയിൽ എങ്ങനെ രുചികരമായി പാചകം ചെയ്യാം എന്നെല്ലാം എല്ലാവർക്കും അറിയാം. പത്തുമണിവരെയുള്ള പഠനം കഴിഞ്ഞാൽ എല്ലാവരം കൂടി റഫറൻസ് ലൈബ്രറിയിലേക്ക് പോകുകയാണ്. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ശാസ്ത്രം, സാഹിത്യം, അദ്ധ്യാത്മം, മതം, നാടകം, കവിത, നോവൽ, ഇതേപ്പറ്റിയുള്ള പുസ്തകങ്ങളെല്ലാം ലൈബ്രറിയിലുണ്ട്. ഓരോരുത്തർക്കും കൊടുത്തിരിക്കുന്ന പഠനവിഷയത്തെ ആധാരമാക്കി ലൈബ്രറിയിൽപോയി ഉപന്യാസങ്ങൾക്കു വേണ്ട നോട്ടുകൾ കുറിക്കണം. പുസ്തകങ്ങൾ പിന്നെയും പിന്നെയും അടുക്കിവയ്ക്കേണ്ടിവരും. ചിലപ്പോൾ ചിത്രകാരൻമാർ വരും. അതിനു ഒരു ചിത്രകലാ വേദിയുണ്ട്. അവിടെ പോയിരുന്നു ചിത്രങ്ങൾ വരയ്ക്കും. കലാനിരൂപണം ചെയ്യും.

പന്ത്രണ്ടുമണിയോടുകൂടി കാലത്തേയുള്ള ആഹാരത്തിന് എല്ലാവരും തയ്യാറാകും. ഗുരുകുലത്തിൽ പ്രാതലില്ല. അതുകൊണ്ടു നേരത്തെ ആഹാരം കഴിക്കും. സസ്യാഹാരമാണ്.



# കത്തെഴുതുന്നവർക്ക് അവാർഡ്

**ദിനപത്രങ്ങളിൽ കത്തെഴുതുന്നവരുടെ സംഘടനയായ കത്തെഴുത്തു കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ മികച്ച കത്തുകൾക്ക് എഴുത്താണി അവാർഡ് നൽകുന്നു.**

**ദിനപത്രങ്ങളിൽ കത്തെഴുതുന്നവരുടെ സംഘടനയായ കത്തെഴുത്തു കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ മികച്ച കത്തുകൾക്ക് എഴുത്താണി അവാർഡ് നൽകുന്നു.**

2009 ൽ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ച കത്തുകൾ മാത്രമാണ് അവാർഡിന് പരിഗണിക്കുക. കത്തെഴുത്തുകാർക്കു പുറമെ വായനക്കാർക്കും ഇഷ്ടപ്പെട്ട കത്തുകൾ അവാർഡിനായി അയക്കാവുന്നതാണ്. കത്തുകൾ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 18നാണ്. കത്തെഴുത്തുകാരുടെ സംസ്ഥാന സംഗമത്തിൽ വെച്ച് അവാർഡ് സമ്മാനിക്കും. കത്തുകൾ അയക്കേണ്ട വിലാസം: കൺവീനർ, എഴുത്താണി അവാർഡ് കമ്മറ്റി, ഗ്രീൻ ഹോം,പി.ഒ. പൊന്നൂക്കര, തൃശൂർ - 680306, ഫോൺ: 9895148998




വലിയ എരിവും പുളിയും എല്ലാം വർജ്ജിച്ചിരിക്കുകയാണ്. ഗുരുകുലത്തിന് ഫേൺഹിൽ മലയുടെ അടിവാരത്തിൽ ഒരു കിണറുണ്ട്. ആ കിണറ്റിൽ നിന്നും ശുദ്ധജലം പമ്പുചെയ്തു കൊണ്ടുവരുന്നതിൽ നിന്നാണ് കുളിക്കുകയും കുടിക്കുകയും വസ്ത്രങ്ങൾ ശുദ്ധി വരുത്തുകയും മറ്റും ചെയ്യുന്നത്.

ഗുരുകുല അന്തേവാസികൾക്കും വരുന്ന സന്ദർശകർക്കും കൃത്യമായി നല്ല ആഹാരം കൊടുക്കുന്നുണ്ട്. വൈദ്യുതി, ജലം, സഞ്ചാരം, ആരോഗ്യസംരക്ഷണം ഇതിനൊക്കെ വേണ്ടുന്ന പണം എവിടെനിന്നും വരുമെന്നാർക്കും അറിഞ്ഞുകൂടാ. പോസ്റ്റുമാനാണ് ആവശ്യക്കാർക്ക് അയച്ചുകൊടുത്ത പുസ്തകങ്ങളുടെ വില മണിയോർഡറായും ചെക്കായും കൊണ്ടുവരുന്നത്. ഗുരുകുലത്തിൽ എല്ലാവരും ദൈവത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ആർക്കും ശമ്പളമില്ല. ശമ്പളമുള്ള ഉദ്യോഗത്തിന് ആരും പോകുന്നില്ല. എൻജിനീയർമാരും ഡോക്ടർമാരും നിയമബിരുദധാരികളും കവികളും എഴുത്തുകാരും, ശാസ്ത്രജ്ഞൻമാരുമെല്ലാം ഗുരുകുല കുടുംബത്തിൽ ഉണ്ട്. അന്നന്നത്തെ ചെക്കുകളെല്ലാം കിട്ടിയാൽ ഒരാൾ അതു ബാങ്കിൽ കൊണ്ടുപോയി കൊടുക്കും. അന്നന്നത്തെ വരവു ചെലവു കണക്കുകൾ കമ്പ്യൂട്ടറിൽ എഴുതി വയ്ക്കും. അതുകൊണ്ട് മാസാവസാനം കണക്കിന്റെ ഓഡിറ്റു നടത്തുവാൻ ഒരു പ്രയാസവുമില്ല. കമ്പ്യൂട്ടർ അതെല്ലാം ചെയ്തുതരും.

ഗുരുകുലത്തിൽ നാലു കമ്പ്യൂട്ടറുകൾ ഉണ്ട്. എല്ലാവർക്കും കമ്പ്യൂട്ടർ ഉപയോഗിക്കാൻ ഏകദേശം അറിയാം. പുതിയതായി വരുന്നവർ വേഗം പഠിച്ചു പ്രവർത്തനത്തിന്റെ ഭാഗമായിത്തീരും.

ആഹാരത്തിനും വസ്ത്രത്തിനും താമസത്തിനും ആരിൽനിന്നും പണം വാങ്ങുന്നില്ല. എന്നാലും അവർക്ക് ഒന്നിനും ഒരു മുട്ടും ഉണ്ടാകാറില്ല. സ്വന്തം നിലയിൽ പ്രത്യേകപഠനം നടത്തുവാനും കവിത, ലേഖനം, പുസ്തകരചന എന്നിവ നടത്തുവാനും ഏവർക്കും സ്വാതന്ത്രമുണ്ട്. ഗുരു പറയുന്നതുപോലെ എല്ലാവരും കേൾക്കണമെന്നാണ് ധാരണ. ഗുരു ഒന്നും പറയാറില്ല. കേൾപ്പിക്കാറുമില്ല. അതുകൊണ്ട് എല്ലാവരും അറിഞ്ഞ് അവരുടെ ധർമ്മം ചെയ്യുന്നു.

നാല് ഏക്കർ ഭൂമിയുണ്ട്. അവിടെ ഓരോരുത്തർക്കും പ്രിയങ്കരമായ കൃഷി ചെറിയ പ്ലോട്ടുതിരിച്ച് അതിൽ ചെയ്യുന്നു. ഇപ്പോൾ ഫേൺഹിൽ ഗുരുകുലത്തിലിരുന്ന് മുമ്പോട്ടുനോക്കിയാൽ വർണ്ണശബള്യമുള്ള മനോഹരമായ പൂക്കൾ തെന്നലിൽ ചാഞ്ചാടിനിൽക്കുന്നതു കാണാം. പൂച്ചെടികളെ മക്കളെപ്പോലെ വളർത്തുന്നതിനുള്ള ഒരു ഗ്രീൻഹൗസുണ്ട്. നീലഗിരിയിലെ തണുപ്പിൽ കരിഞ്ഞുപോകാതിരിക്കാൻ വേണ്ടിയാണ് പല ചെടികളെയും ഗ്രീൻഹൗസിൽ വച്ചിരിക്കുന്നത്. മുന്നൂറു തരത്തിലുള്ള സസ്യശാഖകളിൽപെട്ട ചെടികൾ, ആയുർവേദ മരുന്നുകൾ എന്നിവ അതിൽ വളർന്നു നിൽക്കുന്നു. എല്ലാവർക്കും പാലുതരുന്നത് ലക്ഷ്മി എന്ന പശുവാണ്.

ജപ്പാനിൽനിന്നു വന്നു താമസിക്കുന്ന മിയാക്കോ കമാട്ടു പൂച്ചകളെ സംരക്ഷിക്കുന്നു. വളരെ വിശേഷപ്പെട്ട കാണാൻ അഴകുള്ള ഒൻപതു പൂച്ചകൾ ഇവിടെയുണ്ട്. അതിൽ സ്വർണ്ണനിറമുള്ള തങ്കമണി എന്ന പൂച്ച എല്ലാവരുടേയും കണ്ണിലുണ്ണിയാണ്. ധ്യാനസമയത്തു നായ്ക്കൾ കരയുവാൻ ഇടയുള്ളതുകൊണ്ട് നായ്ക്കളെ വളർത്തുന്നില്ല.

എപ്പോഴും സന്ദർശകർ വരും. കേരളത്തിൽനിന്നും തമിഴ്നാട്ടിൽ നിന്നും കർണാടകത്തിൽനിന്നും ടൂറിസ്റ്റുകൾ വന്നുകൊണ്ടിരിക്കും. കൂട്ടത്തോടെ വരുമ്പോൾ എല്ലാവർക്കും ആഹാരം കൊടുക്കുവാൻ കഴിയുകയില്ല. ചിലപ്പോൾ യൂണിവേഴ്സിറ്റി കോളേജുകളിൽനിന്നു അധ്യാപകർ അടക്കമുള്ള വിദ്യാർത്ഥികൾ വന്നു ക്ലാസിൽ പങ്കുകൊണ്ടിട്ടുപോകും. അന്തേവാസികളിൽ ചിലർ കർണ്ണാടക സംഗീതം പഠിക്കുന്നു. വീണ പഠിക്കുന്നവരും വയലിൻ പഠിക്കുന്നവരും ഉണ്ട്. ഇടക്കിടയ്ക്കു സംഗീതത്തിന്റെയും നൃത്തത്തിന്റെയും അരങ്ങേറ്റത്തിനായി ആളുകൾ വരും.

സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രജ്ഞത, വേദോപനിഷത്തുകൾ, സുവിശേഷങ്ങൾ, വിശുദ്ധ ഖുറാൻ എന്നിവയുടെ പഠനങ്ങളും ചർച്ചകളും ഉണ്ടാവാറുണ്ട്. അഞ്ചുമണിക്ക്ശേഷം ഒരു മണിക്കൂർ എല്ലാവരും കൂടിച്ചേർന്നു തോട്ടത്തിൽ കൃഷിക്കായി പോകും. അതിനെ ടീം വർക്ക് എന്നു വിളിക്കും, ഒന്നിനും നിർബന്ധമില്ല. നിയമങ്ങളൊക്കെയും എഴുതി വച്ചിട്ടില്ല. ഓരോരുത്തർക്കും അവരവർതന്നെ നിയമമായിരിക്കണമെന്ന് നടരാജഗുരു പറയാറുണ്ട്. The law unto oneself.

അന്തേവാസികൾ മാറിമാറി പാചകം ചെയ്യുന്നതുകൊണ്ട് എല്ലാവർക്കും അവരവരുടെ പാചകനൈപുണ്യം പ്രദർശിപ്പിക്കുവാൻ നല്ല അവസരമാണ്. ആരോഗ്യ ത്തെ കെടുത്തുന്ന നൈപുണ്യം ആരും കാണിക്കാറില്ല. പച്ചക്കറികൾ ധാരാളമായി കിട്ടുന്ന രാജ്യമായതുകൊണ്ട് ആഹാരകാര്യത്തിൽ മുട്ടില്ല. ഞങ്ങൾ തന്ന ഉരുളക്കിഴങ്, കാബേജ്, കാളിഫ്ളവർ, കാരറ്റ്, റാഡിഷ്, അമരപയർ തുടങ്ങിയവയെല്ലാം സ്വന്തമായി കൃഷി ചെയ്തു ജീവിതത്തെ വളരെ സരളമാ ക്കുന്നുണ്ട്.

കഠിനമായ കർമ്മങ്ങളിൽ ഏർപ്പെട്ടു ശരീരവും മനസ്സും തളർന്നുപോയവർ മൂന്നോനാലോ ദിവസം ഗുരുകുലത്തിൽ താമസിച്ചു ശാന്തിയാർജ്ജിച്ചു മടങ്ങിപ്പോകുന്നുണ്ട്. ആരിൽ നിന്നും പണം ചോദിക്കാറില്ല. എന്നാൽ ചിലർ അവിടുത്തെ രീതി കണ്ടിട്ട് ആഹാരസാധനങ്ങളും മറ്റും വാങ്ങിച്ചുകൊണ്ടുവരാറുണ്ട്.

രണ്ട് രാഷ്ട്രീയകഥകൾ

ഷാഹുൽഹമീദ് കെ.ടി

# കൃഷിപാഠം

കമ്പനിക്കാർ കൃഷിയിടങ്ങളിൽവന്ന് അവരോടു പറഞ്ഞു: വിത്തും വളവും കൃഷി ചെയ്യാനുള്ള പണവും നിങ്ങൾക്ക് തരാം, പകരം വിളകൾ മൊത്തം ഞങ്ങൾക്ക്. കർഷകർ അവർക്കുവേണ്ടി കൃഷിയിറക്കി, വിളകളുമായി അവർ പോയി. പിന്നീട്, വിത്തിനും വളത്തിനും കമ്പനി വിലയിടാൻ തുടങ്ങിയപ്പോൾ, കള പറിക്കാനുള്ളവർക്ക് കൂലി കമ്പനി കൊടുക്കണമെന്ന് കർഷകർ പറഞ്ഞു. കള പോവാനുള്ള ഉഗ്രൻ കീടനാശിനികൾ ഞങ്ങൾ സൗജന്യമായി നൽകാമെന്ന് കമ്പനിക്കാർ പറഞ്ഞു. വീണ്ടും വിത്തിനും വളത്തിനും കീടനാശിനികൾക്കും വിലയുയർത്തിയപ്പോൾ കർഷകർ പ്രതിഷേധവുമായി കമ്പനിക്കാർക്കു മുൻപിലെത്തി. കമ്പനി വഴങ്ങാതായപ്പോൾ തങ്ങളുടെ കൈകളിലെ വിത്തുകളുമായി കൃഷിയിറക്കാൻ കർഷകർ തീരുമാനിച്ചു. പക്ഷേ, വിത്തുകളൊന്നും ആ മണ്ണിൽ കിളിച്ചുവന്നില്ല. ഊഷരമായ ഭൂമിക്കുമുൻപിൽ കർഷകർ നിരാശയോടെ ഇരിക്കുമ്പോൾ കമ്പനിക്കാർ വന്നു: പാഴ്ചെടി പോലും വളരാത്ത ഈ ഭൂമി ഞങ്ങൾ വിലയ്ക്കെടുക്കാം. ആരും തരാത്ത വില...

# ഹേ റാം...

ഇരുട്ട് അവർക്കനുഗ്രഹമാവുന്നു, എവിടെനിന്നോ പൊഴിയുന്ന നോട്ടുകളുടെ തിളക്കവും. നോട്ടുകളുടെ പെയ്ത്തിൽ ഭരണപക്ഷവും പ്രതിപക്ഷവുമൊന്നാവുകയും കരാറുകളെല്ലാം പരിശോധനകളില്ലാതെ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. എതിർപ്പിന്റെ ന്യൂനപക്ഷത്തെ തള്ളിമാറ്റി, നോട്ടുകൾക്കായി പരക്കം പായുന്ന അവർ വടി കുത്തി ആരോ നടന്നുപോവുന്ന ശബ്ദം കേട്ടില്ല. പുറത്തേക്കുള്ള പടിയിറങ്ങുന്ന ആ ഇടറിയ കാലൊച്ചകൾക്കൊപ്പം ഇങ്ങനെ കൂടി കേട്ടു:

നാഥുറാമിന്റെ കൂട്ടുകാരേ, എന്റെ ഇടനെഞ്ചിലേക്കൊരു വെടിയുണ്ട കൂടി ഉതിർക്കൂ..... പോലീസുകാരാൽ വലയം ചെയ്ത ഒരാൾ പുറത്തേക്കിറങ്ങുമ്പോഴാ ശബ്ദം കേട്ടു.

ബാപ്പൂ സമയമില്ല. ജീവപര്യന്തം ശിക്ഷയ്ക്കുവിധിച്ച കൊലയാളിയാണു ഞാൻ. ജയിലിലേക്കു മടങ്ങണം. വടി താഴേക്കു വീണു, കാലുകൾ തെന്നി, നിലത്തേക്കു വീഴുമ്പോൾ ശബ്ദം വിറങ്ങലിച്ചിരുന്നു.

കൊലയാളിയും ജനപ്രതിനിധിയൊ.! ഇടനെഞ്ചിലെന്തോ പൊട്ടിച്ചിതറി, പടികളിലൂടെ ഉരുളുമ്പോൾ വായിൽനിന്ന് രക്തം ഒലിച്ചിറങ്ങുന്നു, ഒപ്പം വാക്കുകളും...

ഹേ റാം...

കവിത

ശശിധരൻ കുണ്ടറ

# പാലം

കലക്കവെള്ളം
കടത്തുവള്ളത്തോട്
കയർക്കാതെ ചൊല്ലുന്നു
മാഞ്ഞ കടവും
മൃദുരോമം ചാഞ്ഞ
കാലിൻ മിനുപ്പും
കടവിൽ പൂത്ത
കടമ്പിൻ പ്രണയവും.

മണൽ, കക്ക നനവ്
ഞണ്ടിൻ തിരിഞ്ഞുനടപ്പ്
ആമക്കുന്നിൻ മന്ദസഞ്ചാരം
ഇവയേതുമോർക്കാതെ
പൊക്കത്തിൽ പാലം
യന്ത്രത്തീയിൽ കുതിക്കും
മത്സര ജീവിത വണ്ടികൾ
തുഴയും കഴയും മറന്ന്
തോണിയും തോണിപ്പാട്ടും,
തോണിക്കാരനേയും
ഓളത്തിൻ മൃദു വീണയും
മറന്ന് വൻകര കരയോട്
കൊളുത്തിച്ചേർത്ത്...

നിരസിച്ച സ്നേഹം പോലെ
കടവും കടം പേറിയ
തോണിക്കാരന്റെ പാട്ടും
ഓളങ്ങളോട്
ഒച്ചവയ്ക്കാതെ ദീർഘ ദീർഘം...

മാസികാ പരിചയം

# 'അകം' മാസിക




കൈരളി ബുക്സ് പ്രസിദ്ധീകരിക്കുന്ന 'അകം' മാസിക രണ്ട് ലക്കം പിന്നിട്ടിരിക്കുന്നു. മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ സി.വി. ബാലകൃഷ്ണൻ ചീഫ് എഡിറ്ററായ ഈ പ്രസിദ്ധീകരണം ആദ്യ രണ്ട് ലക്കങ്ങൾകൊണ്ടുതന്നെ മലയാളി വായനക്കാരിൽ പ്രതീക്ഷ ഉണർത്തിയിരിക്കുന്നു. സച്ചിദാനന്ദൻ, കെ.ജി ശങ്കരപ്പിള്ള, എം. മുകുന്ദൻ തുടങ്ങി പ്രമുഖ എഴുത്തുകാരെ അണിനിരത്തിയ 'അകം' മാസിക രണ്ടാം ലക്കം പക്ഷേ, പുതുഎഴുത്തുകാർക്ക് അത്ര പ്രാതിനിധ്യം കൊടുത്തതായി കണ്ടില്ല. എങ്കിലും മലയാളത്തിന്റെ ഉൾക്കാഴ്ചകൾ ഒപ്പിയെടുക്കാൻ ഈ പുതിയ പ്രസിദ്ധീകരണത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കാം.

*വിലാസം: അകം മാസിക, കൈരളി ബുക്സ്, തളിക്കാവ് റോഡ്, കണ്ണൂർ. ഫോൺ: 0497 2761200*

കവിത
പ്രതീഷ് എം.പി

# രാത്രിവയൽ

ചോളവയലുകൾക്ക്
രാത്രിയുടെ മാത്രം
മേലുടുപ്പ്..

അനുരാഗം തുന്നിയ
ആകാശത്താൽ
നമ്മിൽ കയറിയിറങ്ങി
പടർന്ന് നിവരുന്നത്..

അവയുടെ വെളിച്ചം
ഉന്മാദികളുടെ
ചെരുപ്പ്
തന്നെയാവണം..

ഏറെയേറെ
കവാടങ്ങളുള്ള,
ജലജീവികളില്ലാത്ത
സമുദ്രത്തെയും
കടന്ന് പോവുന്നു..

ചീവീടുകൾക്കൊപ്പം,
നാമുണർന്ന്
കിടക്കുന്നയിടം,
നമ്മൾ, രാത്രി, വയൽ..

കവിത
വിമീഷ് മണിയൂർ

# ഉണ്ടാവും

വേണം
ഒരു ഭ്രാന്തൻ
ഏത് നാട്ടിലും.

തീർച്ചയാണ്
വെറുതെയാവില്ല.
ചൂണ്ടിക്കാട്ടി
ഉണ്ണിക്കാനല്ല
പേടിപ്പിച്ചിരുത്താനുമല്ല.


ഇത്രയൊക്കെ സ്വാതന്ത്ര്യം
ഏതൊരാൾക്കും
എടുത്തുപയോഗിക്കാൻ
കഴിയുമെന്ന്
ബോധ്യപ്പെടുത്താൻ
ഉണ്ടാവും
നല്ലൊരു ഭ്രാന്തൻ
ഏതൊരു നാട്ടിലും.

കവിത
എം.വി. സരസ്വതി

# മരണം

മരണമേ! നിന്റെ പദപതനത്തിൻ-
സ്വരം നടുക്കമായ്, എവിടെയും കേറി-
വിലകൂടും ജീവനപഹരിച്ചു നീ-
പിരിയും; പിന്നെയും വിലപേശി നിൽക്കും!
ചിലപ്പോൾ; അല്ലെങ്കിൽ ക്ഷണിച്ചാലും വരാൻ-
മടിച്ചു മറ്റൊരു വഴി മാറിപ്പോകും!
തളരുന്നു തനു; ചിറകറ്റു ചിന്താ-
തലക്കകത്തൊരു ചുഴലി വീശുന്നു.

മാസികാ പരിചയം




## 'പുസ്തകം' മാസിക

സമൂഹത്തിൽ നടക്കുന്ന സംഘർഷങ്ങളേക്കാളുപരി മനുഷ്യന്റെ ആന്തരിക ലോകത്തിലുള്ള സംഘർഷങ്ങൾക്ക് പരിഹാരം തേടുകയാണ് പ്രധാനം എന്ന് ചിന്തിക്കുന്ന പ്രസിദ്ധീകരണം എന്ന് എഡിറ്റർ വി.പി ജോമോൻ പരിചയപ്പെടുത്തുന്ന, പ്രതീക്ഷയുണർത്തുന്ന മറ്റൊരു പ്രസിദ്ധീകരണം.

'വിപ്ലവം പുറത്തല്ല, അകത്താണ് നടക്കേണ്ടത്' എന്ന ചിന്ത പങ്കിടുന്നവർ ഈ പുസ്തകവുമായി സഹകരിക്കുക എന്ന് പ്രസാധകർ ആവശ്യപ്പെടുന്നു. ശ്രീ നാരായണഗുരു പതിപ്പ്, ഓഷോ പതിപ്പ്, ഏറ്റവുമൊടുവിൽ ജിദ്ദു കൃഷ്ണമൂർത്തി പതിപ്പ്... അങ്ങനെ ഗഹനമായ ചിന്തകളുമായി പുറത്തിറങ്ങുന്ന പുസ്തകം മാസികയുടെ ജനുവരി-ഫെബ്രുവരി ലക്കം പക്ഷേ ജ്യോതിഷപരസ്യങ്ങൾകൊണ്ട് നിറച്ചിരിക്കുന്നത് വിരോധാഭാസമായി തോന്നുന്നു. ജിദ്ദുകൃഷ്ണമൂർത്തിയും ജ്യോതിഷവും തമ്മിലുള്ള ബന്ധം ആലോചിച്ച് തലപുണ്ണാക്കേണ്ടിവരുന്നു. മാസികക്ക് ദീർഘായുസ്സ് നേരുന്നു.

*വിലാസം:*

*പുസ്തകം മാസിക, കണ്ണൂർ - 2, ഫോൺ: 9847088444*

പ്രഭാഷണം

പി. സുരേന്ദ്രൻ

# സ്വപ്നങ്ങളിൽനിന്നാണ് എഴുത്ത്...

**കുട്ടികളോട് വിമാനം കണ്ടുപിടിച്ചത് ആരാണെന്നു ചോദിച്ചാൽ അവർ പറയും റൈറ്റ് സഹോദരന്മാർ എന്ന്. യഥാർത്ഥത്തിൽ എന്നോട് ചോദിച്ചാൽ ഞാൻ പറയും അത് ലിയനാർഡോ ഡാവിഞ്ചിയാണെന്ന്. കാരണം ആദ്യമായുണ്ടായത് ഒരു സ്വപ്നമാണ്. പിന്നെയാണ് സ്വപ്നസാക്ഷാത്കാരം. ഡാവിഞ്ചിയുടെ ചിത്രത്തിൽനിന്നാണ് വിമാനമുണ്ടായത്.**


ഫോട്ടോ: അജയ് സാഗ

ഒരു സിഗരറ്റിന് അഡിക്റ്റാകുന്നതുപോലെ പുസ്തകപ്രകാശനത്തിന് വന്നവർ പിന്നീട് വായനയിലേക്കും സാഹിത്യത്തിലേക്കും തിരിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എഴുത്തുകാരന് ഏറ്റവും വലിയ സൗഭാഗ്യമെന്നുപറയുന്നത് സ്വന്തം നാട്ടിൽ ഇത്രയേറെ ആളുകളെ സാക്ഷിനിർത്തി സ്വന്തം കൃതി പ്രകാശനം ചെയ്യുകയെന്നതാണ്. ഏറനാടിന്റെ ഭാഷയിൽ ഒരു പ്രസംഗം നടത്തുകയെന്നത് എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു, കാരണം ജന്മംകൊണ്ട് ഞാനൊരു ഏറനാട്ടുകാരനാണ്. എഴുത്തുകാരനെന്ന നിലയിൽ എന്നെ രൂപപ്പെടുത്തിയത് ഏറനാടാണ്.

പന്തല്ലൂർ മല കയറുകയെന്നത് കുട്ടിക്കാലത്തെ എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. പലനാടുകളിലുമായി പല മലകളും ഞാൻ കയറിയിട്ടുണ്ട്. പക്ഷേ, പന്തല്ലൂർ മല ഇപ്പോഴും അപ്രാപ്യമായി എന്നെ മോഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനുമപ്പുറം എന്താണെന്ന് ഞാനിതുവരെ കണ്ടിട്ടില്ല. അതു കണ്ടുകഴിഞ്ഞാൽ ചിലപ്പോൾ എന്റെ കൗതുകം നഷ്ടപ്പെട്ടേക്കാം. സ്വപ്നങ്ങളും അവസാനിച്ചേക്കാം. അതുകൊണ്ട് ഞാനത് അങ്ങനെത്തന്നെ നിലനിർത്തിയിരിക്കുന്നു.

എഴുത്ത് എന്നത് ഒരു വലിയ ഭൂപ്രദേശത്തെ പരിചയപ്പെടുത്തലാണ്. ദേശത്തെ, ഒരു നാടിനെ അടയാളപ്പെടുത്തലാണ്. ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം ഇതിന്റെ വലിയൊരു ഉദാഹരണമാണ്. ഒരു നാടിനെക്കുറിച്ചുള്ളസ്വപ്നം സൃഷ്ടിയിലേക്ക് സന്നിവേശിപ്പിക്കുന്നതിന്റെ നല്ല ഉദാഹരണമാണ് ഖസാക്ക്.

എഴുത്തുകാരൻ സ്വപ്നങ്ങളിൽനിന്നാണ് രൂപപ്പെട്ടുവരുന്നത്. കുട്ടികളോട് വിമാനം കണ്ടുപിടിച്ചത് ആരാണെന്നു ചോദിച്ചാൽ അവർ പറയും റൈറ്റ് സഹോദരന്മാർ എന്ന്. യഥാർത്ഥത്തിൽ എന്നോട് ചോദിച്ചാൽ ഞാൻ പറയും അത് ലിയനാർഡോ ഡാവിഞ്ചിയാണെന്ന്. കാരണം ആദ്യമായുണ്ടായത് ഒരു സ്വപ്നമാണ്. പിന്നെയാണ് സ്വപ്നസാക്ഷാത്കാരം. ഡാവിഞ്ചിയുടെ ചിത്രത്തിൽനിന്നാണ് വിമാനമുണ്ടായത്.

ഖസാക്കിന്റെ ഇതിഹാസം വിജയൻ സിനിമയാക്കാൻ സമ്മതിക്കാത്തത് ആളുകൾ അവരവരുടെ ഭാവനയിലും സ്വപ്നത്തിലും ആ ചിത്രം കണ്ടുകൊള്ളട്ടെ എന്നുള്ളതുകൊണ്ടാണ്. എം.എൻ കാരശ്ശേരി ഒരിക്കൽ ഒ.വി വിജയനോട് പറഞ്ഞു: “എന്തും ഭാവനയാണെന്ന് നിങ്ങൾ പറഞ്ഞുകൊള്ളൂ. പക്ഷേ, മൈമൂന മാത്രം ഭാവനയാണെന്നു പറയരുത്. ജീവിതത്തിലൊരിക്കലെങ്കിലും ഒരു മൈമൂനയെ കണ്ടുമുട്ടുമെന്ന പ്രതീക്ഷയിലാണ് ഞങ്ങൾ ജീവിക്കുന്നതുതന്നെ!”.

പാബ്ലോ പിക്കാസോക്ക് ചിത്രകലയിൽ ഗുരുവും പരിശീലകനും അച്ഛനായിരുന്നു. ഇടക്കാലത്ത് അച്ഛൻ ഒരു ബ്രഷ് എടുത്തുകൊടുത്ത് ഞാൻ വരച്ചതുപോലെ വരക്കൂ എന്ന് പാബ്ലോയോട് പറഞ്ഞു. കുറച്ചു മുതിർന്നപ്പോൾ പാബ്ലോക്ക് തോന്നി, അച്ഛന്റെ വഴി, തന്നെ എവിടെയും എത്തിക്കില്ലായെന്നും അതൊരു വേറിട്ട വഴിയല്ലായെന്നും. അങ്ങനെ വളരെ വിഷമപൂർവ്വം അദ്ദേഹം അച്ഛന്റെ പേര് സ്വന്തം പേരിൽനിന്ന് വെട്ടിമാറ്റുന്നു. അങ്ങനെയാണ് ലോകത്തിന് ക്യൂബിസം എന്ന പുതിയ ചിത്രകലാ സങ്കേതം ലഭിക്കുന്നത്.

സ്വപ്ന നിർഭരതയാണ് ഏതൊരു കൃതിയുടെയും ഹൈലൈറ്റ്. ഇവിടെ പ്രകാശനം ചെയ്യുന്ന ‘മനുവിന്റെ സ്വപ്നങ്ങൾ’ എന്ന കൃതിയുടെയും ‘ഹൈലൈറ്റ്’ സ്വപ്നങ്ങളാണ്. എനിക്ക് ഈ എഴുത്തുകാരനോട് അസൂയയുണ്ട്. കാരണം, കുട്ടികൾക്കുവേണ്ടി എഴുതുക എന്നത് ഏറ്റവും പ്രയാസകരമായ ദൗത്യമാണ്. എന്റെ ‘സാമൂഹ്യപാഠം’ എന്ന പുസ്തകം, സ്കൂളും കുട്ടികളും പശ്ചാത്തലമാണെങ്കിലും അത് മുതിർന്നവർക്കുള്ള ഒരു രചനയാണ്. എന്നാൽ ഈ പുസ്തകത്തിൽ സ്കൂളും കുട്ടികളും നാട്ടിൻപുറവുമെല്ലാം പശ്ചാത്തലമാവുന്നുണ്ടെങ്കിലും ഇത് കുട്ടികൾക്കുള്ള രചനയാണ്. കഥാന്ത്യത്തിൽ നായകകഥാപാത്രമായ കുട്ടി തനിക്ക് പ്രിയപ്പെട്ട കാവിലെത്തുകയും കാവിന്റെ അന്തരീക്ഷത്തിൽ ബാഗും ചെരിപ്പും പമ്പരവും ഉപേക്ഷിച്ച് വിലയം പ്രാപിക്കുകയും ചെയ്യുന്ന വല്ലാത്തൊരവസ്ഥയിലാണ് നോവൽ അവസാനിപ്പിക്കുന്നത്. കുട്ടികൾക്കേ അങ്ങനെ സ്വപ്നം കാണാൻ കഴിയൂ.

അന്നത്തിൽ തൊട്ടാൽ കുട്ടികളുടെ കണ്ണിൽനിന്ന് കത്തി ഉയർന്നുവരാനിടയുണ്ട്. എനിക്കുമത്തരം അനുഭവങ്ങളുണ്ട്.

*(അബ്ദുള്ളക്കുട്ടി എടവണ്ണയുടെ മനുവിന്റെ സ്വപ്നങ്ങൾ എന്ന ബാലസാഹിത്യ നോവൽ പ്രകാശനം ചെയ്തുകൊണ്ട് എടവണ്ണ ഗ്രാമപഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ 20.02.2010ന് പി. സുരേന്ദ്രൻ നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം. തയ്യാറാക്കിയത്: ഹാരിസ് നെന്മേനി)*

വൃത്താന്തം

# അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നു

അന്യസംസ്ഥാനങ്ങളിൽനിന്ന് ജോലിക്കെത്തുന്ന തൊഴിലാളികൾ വിവിധ ചൂഷണങ്ങൾക്ക് ഇരയാകുന്നതായി പരാതി.

ഇത്തരം തൊഴിലാളികളുടെ സുരക്ഷ ലഭ്യമാക്കി 30 വർഷം മുൻപ് കൊണ്ടുവന്ന ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് നോക്കുകുത്തിയായതാണ് കാരണം.

അന്യസംസ്ഥാനങ്ങളിൽനിന്ന് അഞ്ചിൽ കൂടുതൽ തൊഴിലാളികളെ കൊണ്ടുവരണമെങ്കിൽ ജില്ലാ ലേബർ ഓഫീസർ അനുവദിക്കുന്ന ലൈസൻസ് വേണമെന്നും തൊഴിൽ നൽകുന്ന സ്ഥാപനം ജില്ലാ ലേബർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്നും മിനിമം കൂലി, ഭക്ഷണം, താമസം എന്നീ കാര്യങ്ങളിൽ വ്യവസ്ഥകൾ പാലിക്കണമെന്നും നിയമത്തിലുണ്ട്. നിയമം ലംഘിച്ച് തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നവർക്ക് അഞ്ചുവർഷം വരെ കഠിനതടവ് നൽകാവുന്നതുമാണ്.

അന്യസംസ്ഥാനങ്ങളിൽനിന്ന് സ്വമേധയാ ജോലിക്കെത്തുന്നവർ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്ന ആനുകൂല്യം മുതലെടുത്താണ് പലരേയും ചൂഷണം ചെയ്യുന്നതെന്നാണ് പറയുന്നത്.

ഇത്തരം തൊഴിലാളികൾ അപകടത്തിൽ പെടുകയോ മരിക്കുകയോ ചെയ്താൽ തൊഴിലുടമയ്ക്ക് ഉത്തരവാദിത്വം ഇല്ലാത്തതിനാൽ നിർമാണ, ക്വാറി മേഖലയിലും ടെലിഫോൺ കേബിൾ രംഗത്തും ജോലിചെയ്യുന്ന ഒട്ടേറെ തൊഴിലാളികൾ വിവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ടെന്ന് ആരോപണമുണ്ട്.

ഭാഷ വഴങ്ങാത്തതിനാലും സംഘടനാശക്തി ഇല്ലാത്തതിനാലുമാണ് ഇത്തരം ചൂഷണങ്ങൾ പുറംലോകം അറിയാത്തതത്രേ.

10 ലക്ഷത്തിലധികം അന്യഭാഷാ തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ടെന്നാണ് കണക്ക്.

സംസ്ഥാന സർക്കാർ ഇവർക്കായി ക്ഷേമനിധി പ്രഖ്യാപിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായില്ലെന്ന് വിവിധ മനുഷ്യാവകാശ സംഘടനകൾ ചൂണ്ടിക്കാട്ടുന്നു. പഴുതുകൾ അടച്ച് നിയമം കർശനമായി നടപ്പാക്കണമെന്നാണ് ഉയരുന്ന ആവശ്യം.

*വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്, നേരിൽ*

## ലിറ്റിൽ മാഗസിൻ സ്കൂൾ

വായനയുടെ പക്ഷം



രോഗം വന്ന് വികലാംഗയും എല്ലാവരാലും തഴയപ്പെട്ട അദ്ധ്യാപികയുമാണ്. റിട്ടയറായതോടെ ഏകാന്തത കൂടുതൽ അലട്ടിയ സമയത്ത് സ്നേഹരാജ്യം(ഗാന്ധിഭവൻ കുണ്ടയം 689695) എന്ന മാസികാകുട്ടിയെ പരിചയപ്പെട്ടു. അവളെ പഠിപ്പിച്ചു തുടങ്ങിയതോടെ മറ്റു കുട്ടികളും ചേർന്നു തുടങ്ങി. ഒരു ഡിവിഷൻ തികഞ്ഞു. ആ മിന്നാമിനുങ്ങുകളായ മിടുക്കൻമാരുടേയും മിടുക്കികളുടേയും പേരറിയണ്ടേ? 1) ഉൺമ 2) വാതിൽ 3) അൽവാൻ 4) പച്ചമഷി 5) സംഘമിത്രം 6) വിശകലനം 7) നവകം 8) മഴത്തുള്ളി 9) സാഹിത്യശ്രീ 10) ചിലങ്കം 11) യവനിക 12) ലിറ്റിൽ മാസിക 13) ധിഷണ 14) പരസ്പരം 15) ദേശീയോദ്ഗ്രഥനം 16) ദേവജ 17) സ്നേഹതീരം 18) ഇന്ന് 19) ഓറ 20) ഒരുമ 21) തുളുനാട് 22) പ്രമദം 23) മലയാള രശ്മി 24) ആശ്രയ മാതൃനാട് 25) നാമ്പ് 26) ഖുർആൻ ദർശനം 27) ആത്മമിത്രം 28) ഗ്രേറ്റ് മാർച്ച് 29) കലാകേരളം. മാസികാ കുട്ടികളെ ചേർത്തും മറ്റ് നിർദേശങ്ങൾ തന്നും സഹായിച്ച എഡിറ്റർ രക്ഷകർത്താക്കളായ ബിജു ജോൺ, മോഹൻ, വിജയമോഹൻ, കുസുംഷലാൽ, ബിജു ലാൽ, സർഗം റഫീഖ്, ചെറിയമുണ്ടം അബ്ദുൽ റസാഖ്, സർഫുദ്ദീൻ, കേശവൻ, ജാനകിക്കുട്ടി എന്നിവർക്കും മറ്റുള്ളവർക്കും നന്ദി. അടുത്ത ഡിവിഷനിലേയ്ക്കുള്ള അഡ്മിഷൻ തുടരുന്നു. ബന്ധപ്പെടുക: എൽസി ടീച്ചർ, മുല്ലേപ്പറമ്പിൽ, ഇടക്കൊച്ചി–682006.

113, 114 ലിറ്റിൽ മാസിക കിട്ടി. കോപ്പിലെഫ്റ്റിന്റെ പക്ഷക്കാരിയാണ്. അത് പണ സമ്പാദനത്തിനുള്ള മാർഗ്ഗമാക്കുന്നത് തെറ്റ്. ദൈവം തരുന്ന കൃപയാണ് സാഹിത്യ സൃഷ്ടികൾ. അതിൽനിന്നും കിട്ടുന്നവ പൊതുനന്മയ്ക്ക് ഉപകാരപ്പെടണം. 'ഗാന്ധി: ദർശനം മാത്രം' എന്ന ലളിതപാഠം പംക്തിയിലെ അനുഭവം എനിക്കും ഉണ്ടായിട്ടുണ്ട്. ഞാനും കൊച്ചുകുട്ടികളും കൂടി ലാട്രിൻ വൃത്തിയാക്കുമ്പോൾ അതിനെതിരായി രക്ഷാകർത്താക്കൾ ബഹളം വെച്ചിട്ടുണ്ട്. 'ഞാനൊന്നുമറിയില്ല രാമനാരായണ' എന്ന മട്ടിൽ H.Mഉം മറ്റു സഹപ്രവർത്തകരും. സഹപ്രവർത്തകർ എല്ലാം കൂട്ടുകാരല്ല, കുതികാൽ വെട്ടുകാരുമുണ്ട് എന്ന ദൂത് അതിലൂടെ കിട്ടി.

*എൽസി ടീച്ചർ, മുല്ലേപ്പറമ്പിൽ, കൊച്ചി.*

ആത്മാർത്ഥതയും അർപ്പണബോധവും കഴിവും ഒത്തുചേർന്ന നിങ്ങളുടെ ടീംവർക്ക് ലിറ്റിൽമാസികയെ മികവുറ്റതാക്കുന്നു.

*കെ.പി നൗഷാദ്, ചമ്രവട്ടം. 9645084040*



ലിറ്റിൽ മാസിക

16 ലക്കങ്ങൾക്ക് 100 രൂപ

ഇന്നുതന്നെ എം.ഒ അയക്കുമല്ലോ.

ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334

March 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# Little Print

ഏതൊരു ചെറിയ ജീവിയും കടന്നുപോകുമ്പോൾ, ഈ വലിയ ലോകത്ത് തങ്ങളും ജീവിച്ചിരുന്നു എന്ന ചെറിയ തെളിവുകളെങ്കിലും ബാക്കിവെക്കുന്നു. പതിഞ്ഞതും സൗമ്യവുമായ കാൽപ്പാടുകൾ ഓരോ സൃഷ്ടിയും അവശേഷിപ്പിക്കുന്നു. ചെറുതും സൗമ്യവുമായ ജീവിതത്തിന്റെ കാലടികൾ അന്വേഷിക്കുന്ന ചില രചനകൾ ലിറ്റിൽ മാസിക പുസ്തകരൂപത്തിലാക്കുന്നു. കഥയും കവിതയും കടങ്കവിതയും, അനുഭവങ്ങളും.... എന്നിങ്ങനെ വേർതിരിവില്ലാതെ വായനക്കാർ വായിച്ചിരിക്കണമെന്ന് ഞങ്ങൾ താല്പര്യപ്പെടുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയാണ്, 'ലിറ്റിൽ പ്രിന്റ്' എന്ന ഇംപ്രിന്റിൽ...

പ്രതീഷ് എം.പിയുടെ കവിതകൾ 'ആവിയന്ത്രം' ആണ് ആദ്യ പുസ്തകം. പുസ്തക വിപണിയിൽ സജീവമാവുക എന്ന യാതൊരു തീരുമാനവും പുലർത്താതെ ചെറുമാസികാ പ്രവർത്തനത്തിന്റെ എല്ലാ ആവേശത്തോടെയും കൗതുകത്തോടെയുമാണ് 'ലിറ്റിൽ പ്രിന്റ്' പുസ്തക നിർമ്മാണത്തിന് മുതിരുന്നത്.

**പ്രതീഷ് എം.പിയുടെ കവിതകൾ 'ആവിയന്ത്രം' ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.**




**Subscribe to the Green Truth**



Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara